പ്രതികരണം ●

ബഷീർ ഉളിയിൽ

# ഖുർആന് പെൺവായനയും ആവാം

**ആമിനാ വദൂദിന്റെ നിരീക്ഷണങ്ങൾ തെറ്റാണെന്നുവന്നാൽ പോലും ഒരു 'ഇജ്തിഹാദീ പിഴവിന്റെ' ആനുകൂല്യം നൽകാൻ നമുക്ക് കഴിയാത്തത് മുഖവുരയിൽ അവർ തന്നെ ചോദിക്കുന്നത് പോലെ "മറ്റുള്ളവർ കാണിച്ചുതന്ന വഴിയിലൂടെയല്ലാതെ ഒരു സത്യാന്വേഷണവും നടത്തിക്കൂടാ എന്നതുകൊണ്ടാണോ?" അതോ, ഇസ്‌ലാമിലേക്ക് മതംമാറിവന്ന ആഫ്രിക്കൻ വംശജയായ അമേരിക്കൻ പെണ്ണിന് ഖുർആനിൽ ചിന്തിക്കാൻ അർഹതയില്ലെന്നാണോ?**

**'ഖുർആൻ** ഒരു പെൺ വായന' എന്ന ആമിനാ വദൂദിന്റെ കൃതിയെ നിരൂപണം ചെയ്തുകൊണ്ട് വന്ന പ്രതികരണം (ഖുർആൻ ഒരു നിഷ്പക്ഷ വായന. എസ്.എം മുഹമ്മദ് കോയ, ലക്കം 15) തലക്കെട്ടിന്റെ അവകാശവാദം പോലെ എന്തായാലും ഒരു നിഷ്പക്ഷ വായന ആയിട്ടില്ല- കേരളത്തിൽ ഇസ്‌ലാം ഇപ്പോഴും പുരുഷ ഇസ്‌ലാമായി തുടരുന്നു എന്ന ആരോപണത്തെ സാധൂകരിക്കുന്ന ഒന്നായിട്ടാണ് അനുഭവപ്പെട്ടത്. വിശുദ്ധ ഖുർആൻ ആണുങ്ങൾ വായിച്ചാലും പെണ്ണുങ്ങൾ വായിച്ചാലും അർഥകൽപനയിൽ മാറ്റംസംഭവിക്കുമോ എന്ന് ചോദ്യം കൊണ്ട് ഉത്തരം പറയുന്ന കുറിപ്പുകാരൻ ഗ്രന്ഥകാരി പറയാത്ത കാര്യങ്ങൾ അവരിൽ ആരോപിക്കുകയും 'അല്ലാഹു ആണിന് പെണ്ണിന്റെ മേൽ ഉൽകൃഷ്ടത നൽകിയിരിക്കുന്നു എന്ന കാര്യം നിഷേധിച്ചിട്ട് കാര്യമില്ല' എന്ന് വിധിപ്രഖ്യാപനം നടത്തുകയും ചെയ്തിരിക്കുന്നു. ആരോപിക്കപ്പെടുന്നതു പോലെ അർഥം മാറ്റിപ്പറയുകയല്ല, സാധുവായ വ്യാഖ്യാന സാധ്യതയുടെ പിൻബലത്തിൽ ഖുർആൻ വായിക്കാൻ ഒരു ഖുർആൻ ഗവേഷണ വിദ്യാർഥിക്കുള്ള സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തുകയാണ് ഗ്രന്ഥകാരി ചെയ്തത്.

ഖുർആൻ വ്യാഖ്യാനങ്ങൾക്ക് വേദത്തിന്റെ അപ്രമാദിത്വം കൽപിച്ച് ശീലിച്ചുപോയ നമുക്ക് സ്വതന്ത്ര ചിന്തകൾക്ക് വിലക്ക് കൽപിക്കപ്പെടാത്ത ലോകത്ത് നിന്ന് വേദപുസ്തകസംബന്ധിയായ വേറിട്ട വ്യാഖ്യാനങ്ങളും നിരീക്ഷണങ്ങളും വരുമ്പോൾ അസ്വസ്ഥത അനുഭവപ്പെടുന്നത് നമ്മുടെ ശീലങ്ങൾ അമ്മട്ടിൽ വാർക്കപ്പെട്ടതുകൊണ്ടാണ്. അത് പെണ്ണുങ്ങളുടെ ഭാഗത്ത് നിന്നാവുമ്പോൾ അസഹിഷ്ണുത ഉണ്ടാകുന്നത് പുരുഷ മേധാവിത്വ മനഃസ്ഥിതി കൊണ്ടും. വേദ വ്യാഖ്യാന സംബന്ധിയായ മറ്റേതൊരു ഗ്രന്ഥത്തെയും പോലെ 'ഖുർആൻ ആന്റ് വുമൺ' എന്ന കൃതിയുടെയും ഉള്ളടക്കത്തെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാനുള്ള സ്വാതന്ത്ര്യം വായനക്കാർക്കുണ്ട് എന്നത് ശരി. എന്നാൽ പോലും ഈ കൃതിയെ പെണ്ണറിവിന്റെയും പെണ്ണനുഭവത്തിന്റെയും വെളിച്ചത്തിൽ ഒരു അമേരിക്കൻ മുസ്‌ലിം വനിത നടത്തിയ ഖുർആൻപഠനം എന്ന നിലയിൽ കാണാനെങ്കിലും, പ്രവാചകന്മാരുടെ അമാനുഷിക ദൃഷ്ടാന്തങ്ങളെ (മുഅ്ജിസാത്ത്) നിഷേധിക്കുന്ന ഖുർആൻ വ്യാഖ്യാനങ്ങളെ പോലും സ്വീകരിച്ച കൈരളിക്ക് സാധിക്കേണ്ടതാണ്. എക്കാലത്തെയും മനുഷ്യന്റെ വ്യാഖ്യാനങ്ങൾക്കും ആലോചനകൾക്കും വഴങ്ങാത്ത കാലങ്ങളെ അതിജീവിക്കുന്ന ഒരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. മൂന്നക്ഷരങ്ങളിൽനിന്ന് നാലാമതൊരു നക്ഷത്രം ഉദിപ്പിക്കുന്ന ആ മഹാഗ്രന്ഥത്തിന്റെ ആരും കാണാത്ത ഉള്ളറകളിൽ ഊളിയിട്ടിറങ്ങി സഹൃദയ സമക്ഷം ആമിനാ വദൂദ് സമർപ്പിക്കുന്ന വീക്ഷണ വിശേഷങ്ങൾ അറിവിന്റെ ആഴം കൊണ്ട് വേറിട്ടുനിൽക്കുന്നത് തന്നെയാണ്. അതിനെ പെണ്ണൊരുത്തി ആണുങ്ങളുടെ ഖുർആനെ കൈയേറ്റം ചെയ്തു എന്ന മട്ടിൽ ഇകഴ്ത്തുന്നത്, ഖുർആൻ തന്നെ അനുവദിക്കുന്ന ചിന്താസ്വാതന്ത്ര്യത്തിന്റെ നിഷേധമായേ കാണാൻ കഴിയൂ.

"പെണ്ണായ ഒരു മനുഷ്യ ജീവിയാണ് ഞാൻ. അതുകൊണ്ട് മനുഷ്യന്റെ അന്തസ്സുയർത്തിപ്പിടിക്കാൻ വേണ്ടി വാദിക്കുന്നു. നിൽക്കുന്നത് മനുഷ്യന്റെ പക്ഷത്താണ്. ഒരു പെണ്ണിനു മനുഷ്യന്റെ പക്ഷത്ത് നിൽക്കാൻ പാടില്ല എന്നാണെങ്കിൽ എനിക്കൊന്നും പറയാനില്ല" എന്ന് ആമുഖക്കുറിപ്പിൽ ഹൃദയപൂർവം വേദനിക്കുന്ന ഗ്രന്ഥകാരി ഒരു പാശ്ചാത്യ പക്ഷവാദിയോ സ്ത്രീ പക്ഷവാദി(ഫെമിനിസ്റ്റ്)യോ അല്ല. നിതാന്തവും നിശിതവുമായ ഖുർആൻ പഠനത്തിലൂടെ സാമ്പ്രദായിക ഖുർആൻ വ്യാഖ്യാനങ്ങളിൽനിന്ന് ഭിന്നമായ ചില നിഗമനങ്ങളിൽ എത്തിച്ചേരുകയും പുരുഷ വ്യാഖ്യാതാക്കൾ കാണാതെപോയ ചിലത് കണ്ടെത്തുകയും ചെയ്തെങ്കിൽ ഒരു ഇജ്തിഹാദിന്റെ ആനുകൂല്യം നൽകിയെങ്കിലും അവരെ ഭർത്സിക്കാതിരിക്കുകയല്ലേ വേണ്ടത്. ആധുനിക ശാസ്ത്ര സത്യങ്ങളുടെ നടുമുറിച്ചിത്രങ്ങൾ ഖുർആനിൽ കണ്ടെത്തിയ ഡോ. മോറിസ് ബുക്കായിയെ പോലുള്ളവരുടെ ശ്രമങ്ങളോടാണ് ഈ നിരീക്ഷണങ്ങൾക്ക് യഥാർഥത്തിൽ സാധർമ്യമുള്ളത്. ഖുർആനിൽ സംഖ്യാശാസ്ത്രത്തിന്റെ വ്യാജ അമാനുഷികത ആരോപിച്ച് അതിമാനുഷനാവാൻ ശ്രമിച്ച റഷാദ് ഖലീഫ പോലും ആദരിക്കപ്പെട്ട ലോകത്ത് ആമിനയുടെ നിരീക്ഷണങ്ങൾക്ക് പരിഗണന ലഭിക്കാതിരിക്കുന്നത് 'ഖുർആൻ പെണ്ണിനു മേൽ ആണിനു ആധിപത്യം നൽകിയിരിക്കുന്നു' എന്ന (അഹം) ഭാവം കൊണ്ടു തന്നെ. "സന്താനങ്ങളുടെ ലിംഗ നിർണയത്തിൽ ആണിനാണ് അല്ലാഹു മേൽക്കോയ്മ നൽകിയതെന്ന്," എക്സ്, വൈ ക്രോമസോമുകളെ കുറിച്ച ആധുനിക ശാസ്ത്ര നിഗമനങ്ങളെക്കുറിച്ച് ആവേശംകൊള്ളുന്ന ലേഖകൻ, ഖുർആൻ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ഒരേ അവകാശങ്ങളും അവസരങ്ങളും നൽകുന്നുവെന്ന് ഖുർആൻ സൂക്തങ്ങളിലൂടെ ആമിനാ വദൂദ് സമർഥിക്കുന്നത് കാണാതെ പോവുന്നു.

പ്രമാണങ്ങൾ നിരത്തി ഇജ്തിഹാദീ പരിപ്രേക്ഷ്യത്തിലൂടെ ഗ്രന്ഥകാരി ഭംഗിയായി വിശദീകരിച്ച കാര്യങ്ങൾ തന്നെയാണ് കുറിപ്പുകാരൻ അക്കമിട്ട് പറയുന്ന വിമർശനങ്ങളധികവും എന്നതാണ് നേര്. ബൽഖീസ് രാജ്ഞിയുടെ രാഷ്ട്ര നായകത്വം, മാലാഖമാരുടെ സാഷ്ടാംഗത്തിലൂടെ പെണ്ണിനുമേൽ ആണിന് നൽകപ്പെട്ട ശ്രേഷ്ഠത, സ്ത്രീകളുടെ മേൽ പുരുഷന്മാർക്ക് ഏൽപിക്കപ്പെട്ട അധികാരം, മൂസാ നബിയുടെ മാതാവിന് നൽകപ്പെട്ട ദിവ്യബോധനം, ഖുർആനിൽ പെൺനാമങ്ങൾ പരാമർശിക്കാതിരുന്നത് തുടങ്ങിയവ ഉദാഹരണം. ബൽഖീസ് രാജ്ഞിയെക്കുറിച്ചുള്ള പരാമർശത്തിനിടയിൽ ആമിനാ വദൂദ് സമർഥിക്കാൻ ശ്രമിക്കുന്നത്, ഭരണാധികാരിയുടെ പദവി പെണ്ണിനു പറ്റിയതല്ലെന്ന് വായിച്ചെടുക്കാനുള്ള തെളിവ് ഖുർആനിലില്ല എന്നാണ്. സാമൂഹിക രാഷ്ട്രീയ നായകത്വത്തിന്റെ കാര്യങ്ങളിലുള്ള പെൺ സാന്നിധ്യത്തെ കുറിച്ച ഇസ്‌ലാമിക കാഴ്ചപ്പാട് സമ്പൂർണ നിരോധത്തിന്റേതാണ് എന്ന വാദം പൗരോഹിത്യത്തിന്റേതാണ്. പ്രവാചക വിയോഗശേഷം മുസ്‌ലിംകൾക്കിടയിലുണ്ടായ പോരാട്ടത്തിൽ പ്രവാചക പത്നി ആഇശ നയിച്ച യുദ്ധത്തെ വിമർശിക്കുന്നവർ പോലും അതിലെ സ്ത്രീ നായകത്വമല്ല അപരാധമായി കാണുന്നത്. പ്രവാചകന്മാർ നിയോഗിക്കപ്പെട്ടില്ലെങ്കിലും ദിവ്യബോധനം വിലക്കപ്പെടാൻ മാത്രം അധമയല്ല സ്ത്രീ എന്ന് സമർഥിക്കാൻ മൂസാ നബിയുടെ മാതാവിന് വഹ്‌യ് നൽകിയെന്ന ഖുർആൻ പരാമർശത്തെയും ആമിന കൂട്ടുപിടിക്കുന്നു. അവർ പ്രവാചകയാണെന്ന് പുസ്തകത്തിൽ പരാമർശമേയില്ല. അതിനാൽ തന്നെ ആ പരാമർശത്തെ തേനീച്ചയുടെ വഹ്‌യുമായി സാധർമ്യപ്പെടുത്തി ഇകഴ്ത്തുന്നത് ശരിയായ നിരൂപണമല്ല.

എന്തായാലും ലോകത്തുള്ള പുരുഷന്മാരും സ്ത്രീകളുമായ സകല വിശ്വാസികൾക്കും മാതൃകയായി ഖുർആൻ ഉയർത്തിക്കാട്ടുന്നത് രണ്ട് സ്ത്രീകളെയാണ് എന്നത് കുറിപ്പുകാരൻ പോലും നിഷേധിക്കുമെന്ന് തോന്നുന്നില്ല. 'ഒട്ടനേകം പുരുഷന്മാരുടെ പേരുകൾ ഖുർആൻ അടിക്കടി പറയുമ്പോൾ മറിയം എന്ന ഒരൊറ്റ സ്ത്രീയുടെ പേര് മാത്രമേ ഖുർആനിലുള്ളൂ' എന്ന് പണ്ടുപണ്ടേ നാം പറഞ്ഞുസുഖിച്ച കാര്യം കുറിപ്പുകാരനും ഉദ്ധരിക്കുന്നു. ആ വാദത്തിനു ആമിനയുടെ പ്രതികരണം ഇങ്ങനെ: "പെണ്ണുങ്ങളുടെ പരാമർശമുള്ള സന്ദർഭങ്ങളിലെല്ലാം അവരോട് ബഹുമാനം പ്രകടമാക്കുന്ന ഭാഷാ സരണിയാണ് ഖുർആൻ സ്വീകരിക്കുന്നത്. യേശുവിന്റെ മാതാവായ മറിയമിന്റേതല്ലാത്ത ഒരു പെണ്ണിന്റെ പേരും ഖുർആൻ എടുത്തുപറയുന്നില്ല. സർവനാമം ഉപയോഗിച്ചാണ് ഖുർആൻ പൊതുവേ സ്ത്രീകളെ പരാമർശിക്കുന്നത്. പേരു ചൊല്ലി വിളിക്കാതെ ബഹുമാനം പ്രകടിപ്പിക്കുന്ന ഈ രീതി ആ പെണ്ണുങ്ങൾ ജീവിച്ച സാമൂഹിക പരിസരത്തിന്റേതാണ്. ഖുർആന്റെ ഈ ശൈലിയിൽ ഒരു മാർഗ നിർദേശ തത്ത്വമുണ്ട്. എല്ലാ പെണ്ണുങ്ങളും ബഹുമാന പുരസ്സരം അഭിസംബോധന ചെയ്യപ്പെടേണ്ടതുണ്ട് എന്നതാണത്" (ഇന്നും അറബ് നാടുകളിൽ സ്ത്രീകൾ അഭിസംബോധന ചെയ്യപ്പെടുന്നത് 'പവിത്രമായത്' എന്നർഥമുള്ള 'ഹുറുമഃ' എന്ന പദം കൊണ്ടാണ്). 'ലിംഗനിർണയം പുരുഷന്റെ കുത്തക' എന്ന ഉപശീർഷകത്തിൽ ലേഖകൻ തന്നെ നടത്തുന്ന ഖുർആൻ വ്യാഖ്യാനത്തിന്റെ സ്വാതന്ത്ര്യം പോലും ആമിനാ വദൂദ് തന്റെ വാദങ്ങൾ സമർഥിക്കുന്നതിൽ പ്രയോഗിക്കുന്നില്ല.

സൃഷ്ടികർമത്തിലും അതിനു ശേഷമുള്ള സാഷ്ടാംഗ വേളയിലും ആദമിന്റെ ഇണയെ കുറിച്ച ഒരു പരാമർശവും ഖുർആൻ നടത്തുന്നില്ല എന്ന പരാമർശത്തിലൂടെ കുറിപ്പുകാരൻ സമർഥിക്കാൻ ശ്രമിക്കുന്നത്, മനുഷ്യന് കൽപിക്കപ്പെട്ടു എന്ന് ഖുർആൻ വ്യക്തമാക്കുന്ന ആദരണീയതക്ക് സ്ത്രീ അർഹയാകുന്നില്ല എന്നാണ്. മനുഷ്യനു മുന്നിൽ സാഷ്ടാംഗം ചെയ്യാനാണ് അല്ലാഹു മാലാഖമാരോട് കൽപിച്ചതെന്നും ആദമിന്റെ പേരുമാത്രം ഖുർആൻ പരാമർശിച്ചത് പ്രതീകാത്മകമായിട്ടാണെന്നുമാണ് ആമിനാ വദൂദിന്റെ പക്ഷം. മനുഷ്യ വർഗോൽപത്തി ആദം എന്ന മനുഷ്യനോട് കൂടിയാണെന്ന പരാമർശം ഖുർആനിൽ ഒരിടത്തുമില്ല. അറബി വ്യാകരണ നിയമ പ്രകാരം സ്ത്രീലിംഗമാണെങ്കിലും ആണിനും പെണ്ണിനും ഒരു പോലെ ഉപയോഗിക്കുന്ന 'നഫ്സ്' എന്ന പദമാണ് ആദിമ മനുഷ്യ സൃഷ്ടിയെ കുറിച്ച് പറഞ്ഞപ്പോൾ ഖുർആൻ ഉപയോഗിച്ചത്. എല്ലാ സൃഷ്ടികളും ജോഡിയായാണ് സൃഷ്ടിക്കപ്പെട്ടതെന്ന പരാമർശത്തിലൂടെ ആദമിന് ശേഷമോ ആദമിൽ നിന്നോ ഹവ്വയെ സൃഷ്ടിച്ചു എന്നതിന് തെളിവില്ലാതാകുന്നു. ആണിനെ പോലെ ഒരു ജാതി ആയല്ല പെണ്ണിനെ ഖുർആൻ അവതരിപ്പിക്കുന്നത്. ആണും പെണ്ണും മനുഷ്യകുലത്തിലെ രണ്ട് വർഗങ്ങളാകുന്നു. "ആദം എന്ന മനുഷ്യന്റെ നഫ്സിൽ നിന്നാണ് മനുഷ്യ രാശിയുടെ സംസൃഷ്ടി അല്ലാഹു ആരംഭിക്കുന്നതെന്ന് ഖുർആൻ പറയുന്നില്ല. ശ്രദ്ധാർഹമായ ഉപേക്ഷ ആണിത്" (ഖുർആൻ ഒരു പെൺവായന).

ഇവിടെ ഏറ്റവും രസകരമായ ഒരു വിരോധാഭാസം, വിശുദ്ധ ഖുർആനിലെ സദൃശ വാക്യങ്ങളും അതിഭൗതിക കാര്യ

ങ്ങളും വിശദീകരിക്കേണ്ടി വരുമ്പോഴും ഖുർആൻ വിശദീകരിക്കാതെ വിട്ടുകളഞ്ഞ കാര്യങ്ങൾ പരാമർശിക്കുമ്പോഴും ബൈബിൾ, തോറ തുടങ്ങിയ ബാഹ്യ സ്രോതസ്സുകളെ ഉദ്ധരിക്കാൻ നമ്മുടെ സാമ്പ്രദായിക ഖുർആൻ വ്യാഖ്യാതാക്കൾക്ക് സങ്കോചമില്ല എന്നതാണ്. ഇവിടെ കുറിപ്പുകാരനും മനുഷ്യ സൃഷ്ടിയെ കുറിച്ച ആമിനാ വദൂദിന്റെ ഗവേഷണാത്മക നിരീക്ഷണത്തെ ഖണ്ഡിക്കുന്നതും "ഈ വിഷയകമായി ബൈബിൾ എന്ത് പറയുന്നുവെന്ന് നമുക്ക് നോക്കാം" എന്നു തന്നെ. ഖുർആൻ മുഴുവൻ വായിച്ചാലും ആദി മാതാവായ ഹവ്വക്ക് മാലാഖമാർ പ്രണാമമർപ്പിച്ചു എന്ന് തെളിയിക്കാൻ ആമിനാ വദൂദിനെ കുറിപ്പുകാരൻ വെല്ലുവിളിക്കുകയും ചെയ്യുന്നു. മനുഷ്യഭാവനക്കും ചിന്തക്കും അപ്പുറമുള്ള ഇത്തരം വിഷയങ്ങളെ കുറിച്ച് നിഗമനങ്ങളല്ലാതെ ഖണ്ഡിതമായ ഒരഭിപ്രായം പറയാൻ നാം അശക്തരാണ്. ഈ നിഗമനങ്ങൾ ശരിയാവണമെന്നില്ല. "സദൃശ പദാർഥപ്രധാനമായ സൂക്തങ്ങളുടെ പൊരുൾ പരിചയജ്ഞാനംകൊണ്ട് നിർണയിക്കാൻ കഴിയില്ല" (ഖുർആൻ ഒരു പെൺവായന). ഖുർആൻ ഗവേഷകർക്ക് അനുവദിക്കപ്പെട്ട ഈ ആനുകൂല്യം ആമിനാ വദൂദ് പെണ്ണായതിന്റെ പേരിൽ നിഷേധിക്കപ്പെടുന്നത് എതിർക്കപ്പെടേണ്ടതുണ്ട്. സൃഷ്ടിയെക്കുറിച്ചും ആദിപാപത്തെ കുറിച്ചും നിലവിലുള്ള നമ്മുടെ ധാരണകൾ രൂപപ്പെടുന്നതിന് സാമ്പ്രദായിക ഖുർആൻ വ്യാഖ്യാതാക്കളുടെ പുരുഷ പക്ഷ ചിന്തകൾ കാരണമായിട്ടുണ്ട്. ഈ വക കാര്യങ്ങൾ വിശദീകരിക്കുന്നിടത്ത് ബൈബിളും തദൃശ സ്രോതസ്സുകളുമാണ് അവരുടെ അവലംബങ്ങൾ. ഖുർആനിക സങ്കൽപത്തിനു കടക വിരുദ്ധമായ ക്രിസ്തുമതത്തിലെ ആദിപാപ സങ്കൽപം പോലും നമ്മുടെ വിശ്വാസങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. അങ്ങനെ സ്ത്രീ ജന്മം അഭിശപ്തമായ ഒന്നാണെന്ന സങ്കൽപത്തിനു വേദവചനങ്ങളുടെ സാക്ഷ്യപത്രവും നാം തയാറാക്കി. 'മനുഷ്യന് പറ്റിയ ഒരു സഹായിയെ ആവശ്യമായി വന്നപ്പോൾ കർത്താവായ ദൈവം അവൻ(ആദം) ഉറങ്ങുമ്പോൾ വാരിയെല്ല് ഊരി ഒരു സ്ത്രീയെ ഉണ്ടാക്കി' എന്ന ബൈബിൾ കഥയെ അവലംബിച്ചാണ് നാളിതുവരെയുള്ള മിക്ക ഖുർആൻ വ്യാഖ്യാതാക്കളും സൃഷ്ടിയെ കുറിച്ച ഖുർആൻ വ്യാഖ്യാനം തയാറാക്കിയത്. ഈ പരികൽപന വികലമാണെന്നും പെണ്ണുങ്ങൾക്ക് ആണുങ്ങളേക്കാൾ കൂടുതലോ കുറവോ ആയ പരിമിതികളുണ്ടെന്ന് സൂചിപ്പിക്കുന്ന ഒന്നും തന്നെ ഖുർആനിലില്ലെന്നും ഖുർആന്റെ സൂക്ഷ്മ ദർശനങ്ങളിലും ഇറങ്ങിച്ചെന്ന ശേഷം ആമിനാ വദൂദ് പ്രഖ്യാപിക്കുന്നു. സ്ത്രീകൾക്കായി ധനം ചെലവഴിക്കാൻ അധികാരപ്പെടുത്തിക്കൊണ്ട് പുരുഷന് നേതൃപദവി നൽകപ്പെട്ടിരിക്കുന്നു എന്ന പരാമർശത്തോട് ആമിനയുടെ പ്രതികരണം ഇങ്ങനെ: "മനുഷ്യ വംശത്തിന്റെ നിലനിൽപിന് അനിവാര്യമായ സന്തത്യുൽപാദനം എന്ന ഭാരിച്ച കർത്തവ്യം നിർവഹിക്കേണ്ടിവരുന്ന സ്ത്രീയുടെ തത്തുല്യമായ ഒരു ബാധ്യത എന്ന നിലക്കാണ് 'ഖിവാമ' (നേതൃത്വം) പുരുഷന് പതിച്ചു നൽകിയത്."

ആമിനാ വദൂദിന്റെ നിരീക്ഷണങ്ങൾ തെറ്റാണെന്നുവന്നാൽ പോലും ഒരു 'ഇജ്തിഹാദീ പിഴവിന്റെ' ആനുകൂല്യം നൽകാൻ നമുക്ക് കഴിയാത്തത് മുഖവുരയിൽ അവർ തന്നെ ചോദിക്കുന്നത് പോലെ "മറ്റുള്ളവർ കാണിച്ചുതന്ന വഴിയിലൂടെയല്ലാതെ ഒരു സത്യാന്വേഷണവും നടത്തിക്കൂടാ എന്നതുകൊണ്ടാണോ?'' അതോ, ഇസ്‌ലാമിലേക്ക് മതംമാറിവന്ന ആഫ്രിക്കൻ വംശജയായ അമേരിക്കൻ പെണ്ണിന് ഖുർആനിൽ ചിന്തിക്കാൻ അർഹതയില്ലെന്നാണോ? താലിബാൻ വിഭാവനം ചെയ്യുന്ന നിരക്ഷരരോ, തസ്‌ലീമാ-വഫാ സുൽത്താൻ മാതൃകയിൽ ഒരുമ്പെട്ടിറങ്ങിയവരോ ആവണമോ മുസ്‌ലിം സ്ത്രീകൾ? രണ്ടിനും മധ്യേ ഖുർആനിൽ ചിന്തിക്കുകയും, പഠിക്കുകയും ചെയ്യുന്ന സമൂഹത്തെയല്ലേ നാം സ്വാഗതം ചെയ്യേണ്ടത്? ■